# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1303.

06-03-2018 ൽ മറുപടിയ്ക്ക്

## കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ

**ചോദ്യം**
ശ്രീ.മുല്ലക്കര രത്നാകരൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാർഷിക മേഖലയിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | കാർഷിക മേഖലയിൽ കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>**1) കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് പദ്ധതി (CDB)** - ഗുണമേന്മയുള്ള പശ്ചിമതീര നെടിയയിനം തെങ്ങുകളിൽ നിന്നും വിത്ത് തേങ്ങകൾ സംഭരിച്ച് കൃഷി വകുപ്പിന്റെ ഫാമുകളിൽ തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുകയും അതിലൂടെ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നു. നാളികേര വിള ഇൻഷ്വറൻസ് പദ്ധതി (50% കേന്ദ്രാവിഷ്കൃതം) കാർഷിക ഇൻഷ്വറൻസ് കമ്പനിയും നാളികേര വികസന ബോർഡും, സംസ്ഥാന സർക്കാരും ചേർന്ന് നടപ്പിലാക്കുന്നു. കുറഞ്ഞത്, ഉൽപ്പാദന ക്ഷമതയുള്ള 10 തെങ്ങുകളെങ്കിലും ഉണ്ടായിരുന്നാൽ മാത്രമേ കർഷകന് ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ.<br>**2) സബ്മിഷൻ ഓൺ അഗ്രി. എക്സ്റ്റൻഷൻ (SMAE)** - നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മയുടെ വിവിധ ഘടകങ്ങൾ അംഗീകൃത സംസ്ഥാന വിജ്ഞാന വ്യാപന വർക്ക് പ്ലാൻ പ്രകാരമാണ് നടപ്പിലാക്കുന്നത്. |

**3) മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH)** - ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കശുമാവ്, കൊക്കോ, പുഷ്പകൃഷി എന്നിവയ്ക്ക് ഊന്നൽ നല്കികൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

**4) പരമ്പരാഗത കൃഷി വികാസ് യോജന (PKVY)** - ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവ ഗ്രാമങ്ങൾ നടപ്പിലാക്കുക, പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം സർട്ടിഫിക്കേഷൻ പ്രാവർത്തികമാക്കുക എന്നീ ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ അനുവദിച്ച പദ്ധതിയാണ് പരമ്പരാഗത കൃഷി വികാസ് യോജന.

**5) രാഷ്ട്രീയ കൃഷി വികാസ് യോജന(RKVY)** - കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി പ്രൊജക്റ്റ് അടിസ്ഥാനത്തിൽ 2007-2008 മുതൽ കേരളത്തിൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് ആർ.കെ.വി.വൈ. കേന്ദ്ര സർക്കാർ അനുശാസിക്കും വിധം തയ്യാറാക്കപ്പെട്ട പ്രൊജക്ടുകൾ സ്റ്റേറ്റ് ലെവൽ സാംഗ്ഷനിങ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അനുവദിക്കപ്പെടുന്നു. തുടർന്ന് ഫണ്ട് ലഭിക്കുന്ന മുറക്ക് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**6) ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി (NFSM)** - നെല്ലിന്റെയും പയറിന്റെയും ചെറു ധാന്യങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണിത്. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ കൃഷി പ്രോത്സാഹനം, പ്രദർശനത്തോട്ടം സ്ഥാപിക്കൽ, വിത്തുൽപ്പാദനം, സംയോജിത കീട നിയന്ത്രണം തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ.

**7) നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ്സ് & ഓയിൽ പാം (എണ്ണപന കൃഷി വ്യാപനം) (NMOOP)** - തരിശു നിലങ്ങളിൽ എണ്ണപന കൃഷിയുടെ വ്യാപനം, ഇടവിള കൃഷി, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, കണിക ജലസേചനം, തുടങ്ങിയ ഘടകങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

| | | | |
|---|---|---|---|
| | | | പ്ലാന്റേഷൻ (ഹൈഡെൻസിറ്റി പ്ലാന്റേഷൻ, ലോഡെൻസിറ്റി പ്ലാന്റേഷൻ, ബൗണ്ടറി പ്ലാന്റേഷൻ) എന്നിവയാണ് സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി പദ്ധതിയിൽ നിലവിലുള്ളത്. |
| (ബി) | 2016 മേയ് മാസം മുതൽ കാർഷിക പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | 2016-17 മുതൽ കാർഷിക പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 2016-17 വർഷത്തെ പദ്ധതികൾ

| നം. | | |
|---|---|---|
| 1 | കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് പദ്ധതി (CDB) | 3.2 ലക്ഷം രൂപ |
| 2 | സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ (SMAE) | 1181.180 ലക്ഷം രൂപ |
| 3 | നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി (NHM) | 2000.00 ലക്ഷം രൂപ |
| 4 | നാഷണൽ ഇ-ഗവേണേഴ്സ് പ്രോഗ്രാം (NEGP) | 231.180 ലക്ഷം രൂപ |
| 5 | പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി (PKVY) | 382.220 ലക്ഷം രൂപ |
| 6 | രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി (RKVY) | 9276.00 ലക്ഷം രൂപ |
| 7 | ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി (NFSM) | 75.51 ലക്ഷം രൂപ |
| 8 | നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ്സ് & ഓയിൽ പാം എണ്ണപന കൃഷി വ്യാപനം - (NMOOP) | 2 ലക്ഷം രൂപ |
| 9 | സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) | 108.92 ലക്ഷം രൂപ |
| 10 | നാഷണൽ മിഷൻ ഓൺ സസ്റ്റെയിനബിൾ അഗ്രികൾച്ചർ (NMSA)- സോയിൽ ഹെൽത്ത് കാർഡ് (SHC), സോയിൽ ഹെൽത്ത് മാനേജ്മെന്റ് (SHM) | 15 ലക്ഷം രൂപ |
| 11 | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) | 140 ലക്ഷം രൂപ |
| 12 | വൃഷ്ടി പ്രദേശ വികസന പദ്ധതി (RAD) | 150 ലക്ഷം രൂപ |
| 13 | സബ്മിഷൻ ഓൺ സീഡ്സ് & പ്ലാന്റിംഗ് മെറ്റീരിയൽ | 26.715 ലക്ഷം രൂപ |

### 2017-18 വർഷത്തെ പദ്ധതികൾ

| | | |
|---|---|---|
| 1 | നാഷണൽ ഹോർട്ടികൾച്ചറൽ മിഷൻ (NHM) | 2900 ലക്ഷം രൂപ |
| 2 | നാഷണൽ ഹോർട്ടികൾച്ചറൽ മിഷൻ (Spill over) | 500 ലക്ഷം രൂപ |
| 3 | രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി (RKVY) | 4150 ലക്ഷം രൂപ |
| 4 | RKVY – Spill way | 1390 ലക്ഷം രൂപ |
| 5 | NFSM നെല്ല്, പയർ | 13.420 ലക്ഷം രൂപ |
| 6 | NFSM (2014-15, 2015-16) (Revalidation) | 48.040 ലക്ഷം രൂപ |
| 7 | വൃഷ്ടി പ്രദേശ വികസന പദ്ധതി (RAD) | 78.426 ലക്ഷം രൂപ |
| 8 | സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ (SMAE) | 859.970 ലക്ഷം രൂപ |
| 9 | കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് പദ്ധതി | 1368.7 ലക്ഷം രൂപ |
| 10 | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന | 2500 ലക്ഷം രൂപ |
| 11 | എ) പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി (119 cluster) | 307.244 ലക്ഷം രൂപ |

| | | |
|---|---|---|
| | ബി) പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി (500 cluster) | 1070.711 ലക്ഷം രൂപ |
| | സി) പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി (119 cluster revalidation sanction) | 26.924 ലക്ഷം രൂപ |
| 12 | SMAF സബ്മിഷൻ ഓൺ അഗ്രോ ഫോറസ്റ്ററി | 206.465 ലക്ഷം രൂപ |
| 13 | പ്രധാനമന്ത്രി ഫസൽ ബീമ യോജന | 33.32 ലക്ഷം രൂപ |
| 14 | സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ | 978.62 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ